# കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

## വിജ്ഞാപനം

നമ്പർ: DE I (1) 2586/16/EW 15 .12.2016

## തിരുത്തൽ വിജ്ഞാപനം

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 2017 ജനുവരി മാസത്തിൽ നടത്തുന്ന വകുപ്പുതല പരീക്ഷകൾക്ക് അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് 03.11.2016 -ാം തീയതിയിലെ അസാധാരണ ഗസറ്റ് നമ്പർ. 1886 ൽ പ്രസിദ്ധീകരിച്ച പരീക്ഷാ വിജ്ഞാപനം ചുവടെപ്പറയുന്ന കൂട്ടിച്ചേർക്കലുകളും, ഭേദഗതിയും വരുത്തി വിജ്ഞാപനം ചെയ്തിരിക്കുന്നു.

പരീക്ഷാർത്ഥികൾ അഡ്മിഷൻ ടിക്കറ്റിനൊപ്പം ഡൗൺലോഡ് ചെയ്ത് ആഫീസ് മേധാവിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തി പരീക്ഷാ ഹാളിൽ ഹാജരാക്കേണ്ടതും, അസിസ്റ്റന്റ് സൂപ്രണ്ടിന് കൈമാറേണ്ടതുമായ ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് നിറുത്തലാക്കുകയും, IC യിലെ സർട്ടിഫിക്കറ്റ് ഭാഗവും മറ്റു വിവരങ്ങളും ഉൾപ്പെടുത്തി അഡ്മിഷൻ ടിക്കറ്റ് പരിഷ്ക്കരിക്കുകയും ചെയ്ത് ഉത്തരവായിരിക്കുന്നു.

അഡ്മിഷൻ ടിക്കറ്റിലെ പരീക്ഷാർത്ഥിയുടെ ഒപ്പ് , പേര്, ഫോട്ടോ (Scanned image) , ഫ്രീ ചാൻസ് അവകാശപ്പെടുകയാണെങ്കിൽ ആയതും പരിശോധിച്ച് ബന്ധപ്പെട്ട മേലധികാരി ഒപ്പ്, പേര്, തസ്തിക, ആഫീസ് മുദ്ര എന്നിവ വ്യക്തമായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഇവയിൽ ഏതെങ്കിലും ഒന്ന് വിട്ട് പോകുകയോ, സാക്ഷ്യപ്പെടുത്തൽ അപൂർണ്ണമായതോ ആയ അഡ്മിഷൻ ടിക്കറ്റ് ഹാജരാക്കുന്നവരുടെ പരീക്ഷാ പേപ്പർ അസാധുവാക്കുന്നതായിരിക്കും. പരീക്ഷാർത്ഥികൾ അഡ്മിഷൻ ടിക്കറ്റ് പരീക്ഷാഹാളിൽ ഹാജരാക്കേണ്ടതും ആയത് പരിശോധനക്ക് വിധേയമാക്കിയശേഷം , തിരികെ കൈപ്പറ്റേണ്ടതുമാണ്.ഹാജരാകുന്ന പരീക്ഷാർത്ഥികളുടെ അഡ്മിഷൻ ടിക്കറ്റിലെ സാക്ഷ്യപ്പെടുത്തലുകൾ പരിശോധിച്ച്

രേഖപ്പെടുത്തുന്നതിന് എല്ലാ ദിവസവും ബന്ധപ്പെട്ട പരീക്ഷാകേന്ദ്രത്തിലെ പരീക്ഷാ ഹാളിൽ Signed List നൊപ്പം ഒരു Check Sheet – ഉണ്ടായിരിക്കുന്നതാണ്.

03.11.2016 ലെ ഗസറ്റ്നമ്പർ 1886 ൽ പ്രസിദ്ധീകരിച്ച 2017 ജനുവരി വകുപ്പുതല പരീക്ഷാവിജ്ഞാപനത്തിലെ Para ‘ c ’ in item 2.3 in page 4, Para ‘b’ in item 4.3 in page 6 Sub. No. (1) item 22 in Page 9, Para 23 & 24 in Page 10 എന്നീ ഭാഗങ്ങളിൽ നിന്നും ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് എന്ന വാക്ക് ഒഴിവാക്കുകയും Sub No. 4,5 & 6 in item 22 in page 9 എന്നിവയിൽ ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റിന് പകരം അഡ്മിഷൻ ടിക്കറ്റ് എന്ന് തിരുത്തി ഭേദഗതി വരുത്തി വിജ്ഞാപനം ചെയ്തിരിക്കുന്നു.

3.11.2016 ലെ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ച ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് - ജനുവരി 2017 വിജ്ഞാപനം ഇപ്രകാരം ഭേദഗതി ചെയ്തിരിക്കുന്നു.

**കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ,**
**തിരുവനന്തപുരം.**

**(ഒപ്പ്)**

**സാജു ജോർജ്**
**സെക്രട്ടറി**